# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *778** — **08/11/2016-ൽ മറുപടിക്ക്**

### ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം**<br>**,, രാജു എബ്രഹാം**<br>**,, കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീമതി യു. പ്രതിഭ ഹരി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | **എ)** ഉണ്ട്. |
| **ബി)** മരുന്നുകളുടെ നിർമ്മാണം, വിതരണം, വില, മരുന്നുകളുടെ പരസ്യങ്ങൾ എന്നിവ സംബന്ധിച്ച് സ്വീകരിയ്ക്കുന്ന നടപടികൾ വിശദമാക്കുമോ; | **ബി)** മരുന്നുകളുടെ നിർമ്മാണം, വിതരണം, ഗുണനിലവാരം എന്നിവ സംബന്ധിച്ചുള്ള നിയമങ്ങൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ചട്ടങ്ങളിലും നിയമങ്ങളിലും വിശദമായി പ്രതിപാദിക്കുന്നുണ്ട്. മരുന്നുകളുടെ വില സംബന്ധിച്ചുള്ള കാര്യങ്ങൾ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിന് കീഴിലുള്ള ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡറിൽ പ്രതിപാദിക്കുന്നുണ്ട്. മരുന്നുകളുടെ പരസ്യങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഡ്രഗ്സ് ആന്റ് മാജിക് റമഡീസ് ഒബ്ജക്ഷനബിൾ ആക്ടിൽ പ്രതിപാദിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ കേന്ദ്രനിയമങ്ങളാണ്. ഇതെല്ലാം നടപ്പിലാക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ളത് ഡ്രഗ്സ് കൺട്രോൾ വകുപ്പിനെയാണ്. ഈ നിയമങ്ങളുടെയും ചട്ടങ്ങളുടേയും ലംഘനങ്ങൾക്കെതിരെ വകുപ്പുതല നടപടികളായ ലൈസൻസ് സസ്പെൻഷൻ, ക്യാൻസലേഷൻ തുടങ്ങിയ നടപടികളും പ്രോസിക്യൂഷൻ തുടങ്ങിയ നിയമനടപടികളും സ്വീകരിച്ചുവരുന്നു. |
| **സി)** കർശനമായ നിയമങ്ങൾ നിലവിലുണ്ടെങ്കിലും ഗുണ നിലവാരമില്ലാത്തതും നിരോധിച്ച- | **സി)** മരുന്നുകളുടെ ഗുണ നിലവാരം, നിരോധിച്ച മരുന്നുകളുടെ വില്പന ഇവ സംബന്ധിച്ചുള്ള കാര്യങ്ങളുടെ ചുമതല സംസ്ഥാന ഡ്രഗ്സ് |

➡

| | |
|---|---|
| ളുമായ പല മരുന്നുകളും വ്യാപാരികൾ വിൽക്കുന്ന സാഹചര്യമുള്ളതിനാൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തെയും ടെസ്റ്റിംഗ് വിഭാഗത്തെയും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കൺട്രോൾ വകുപ്പിനാണ്. മരുന്നുകളുമായി ബന്ധപ്പെട്ട് എല്ലാ നിയമങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്. എന്നിരുന്നാലും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ കാര്യക്ഷമത കൂട്ടുവാൻ തിരുവനന്തപുരത്തും എറണാകുളത്തുമുള്ള ലബോറട്ടറികൾ കൂടാതെ തൃശ്ശൂർ, കോഴിക്കോട്, കോന്നി എന്നിവിടങ്ങളിൽ പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**